## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **12-01-2021 - ല്‍ മറുപടിയ്ക്ക്**

## കോവിഡ് വ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രന്‍ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തിന്റെ തോത് വൈകിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും രാജ്യത്ത് ഏര്‍പ്പെടുത്തിയ ലോക്ഡൗണ്‍ സഹായകമായതായി വിലയിരുത്തുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലോക്ഡൗണ്‍ പിന്‍വലിച്ചതോടെ സംസ്ഥാനത്ത് കോവിഡ് കേസുകള്‍ വര്‍ദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | അണ്‍ലോക്കിന്റെ ഭാഗമായി മറ്റ സംസ്ഥാനങ്ങളില്‍ നിന്നും രാജ്യങ്ങളില്‍ നിന്നും വന്‍തോതില്‍ ജനങ്ങള്‍ കേരളത്തിലേയ്ക്കെത്തിയതിനാല്‍ കോവിഡ് രോഗികളുടെ എണ്ണത്തില്‍ വര്‍ദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) | ഈ സാഹചര്യത്തില്‍ സംസ്ഥാനത്തെ സ്കൂളുകളും, കോളേജുകളും തുറക്കുന്നത് വ്യാപനം കൂട്ടുന്നതിന് ഇടയാക്കില്ലേ; എങ്കില്‍ എന്തെല്ലാം ക്രമീകരണങ്ങളാണ് ഇക്കാര്യത്തില്‍ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | സ്കൂളുകളുടെ പ്രവര്‍ത്തനം സംബന്ധിച്ച് വ്യക്തമായ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ സര്‍ക്കാര്‍ പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തില്‍ 10, +2 ക്ലാസ്സുകളിലെ കുട്ടികളെ മാത്രമാണ് സ്കൂളുകളില്‍ നേരിട്ട് ഹാജരാകുന്നതിന് അനുമതി നല്‍കിയിട്ടുള്ളത്. ഓരോ ദിവസവും ഹാജരാകേണ്ട കുട്ടികളുടെ എണ്ണം ക്ലാസ് റൂമുകളുടെയും മറ്റ് അനുബന്ധ സാഹചര്യങ്ങളും വിലയിരുത്തിയതിന് ശേഷമാണ് തീരുമാനിക്കുക. സ്കൂളും പരിസരവും അണുനശീകരണം നടത്തി സുരക്ഷിതമാക്കിയതിനു ശേഷമാണ് ക്ലാസുകള്‍ ആരംഭിക്കുന്നത് . വിദ്യാര്‍ത്ഥികളെ ഡിജിറ്റല്‍ തെര്‍മ്മോ മീറ്റര്‍ ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള സൗകര്യവും. മാസ്ക്, സാനിറ്റൈസര്‍, സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സംവിധാനവും സ്കൂളുകളില്‍ സജ്ജീകരിച്ചിട്ടുണ്ട്. സാമൂഹിക അകലം പാലിച്ചുകൊണ്ട്. 2 മീറ്റര്‍ അകലം വരത്തക്ക രീതിയിലായിരിക്കും വിദ്യാര്‍ത്ഥികളുടെ ഇരിപ്പിടം ക്രമീകരിക്കേണ്ടത്. എല്ലാ വിദ്യാര്‍ത്ഥികളും മാസ്ക് നിര്‍ബന്ധമായും ധരിച്ചിരിക്കണം. എല്ലാ സ്കൂളുകളിലും പ്രിന്‍സിപ്പാളിന്റെ നേതൃത്വത്തില്‍ വാര്‍ഡ് മെമ്പര്‍ / കൗണ്‍സിലര്‍, ഡോക്ടര്‍, സ്കൂള്‍ സ്ഥിതി ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | മേഖലയിലെ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, വിദ്യാർത്ഥി പ്രതിനിധി മുതലായവർ ഉൾപ്പെടുന്ന കോവിഡ് സെൽ രൂപീകരിക്കുകയും ആഴ്ചയിൽ ഒരിക്കൽ സെൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും. |
| (ഡി) | ഇപ്പോഴത്തെ വ്യാപനത്തോത് കണക്കാക്കുമ്പോൾ 2021 ആദ്യപാദത്തിലും ക്രമാനുസൃത വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ അത് നേരിടുന്നതിന് എന്തൊക്കെ കൂടുതൽ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കോവിഡ് രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറമെ പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അപകടസാധ്യത കൂടുതലുള്ള 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, ഗർഭിണികൾ, കുട്ടികൾ, മറ്റ് രോഗബാധിതർ എന്നിവരെ സൂക്ഷ്മമായി നിരീക്ഷിക്കുവാനും, രോഗ-ലക്ഷണങ്ങളുള്ളവരെ പരിശോധിച്ച് ആവശ്യമായ ചികിത്സ നൽകുവാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. നിലവിൽ കോവിഡ് വ്യാപനം തടയുന്നതിന് ഊർജ്ജിതവും ഫലപ്രദവുമായ നടപടികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത് |

സെക്ഷൻ ഓഫീസർ